# കേരള സംസ്ഥാനഹജ്ജ് കമ്മിറ്റി

ഹജ്ജ് ഹൗസ്, കാലിക്കറ്റ് എയർപോർട്ട് പി.ഒ., കരിപ്പൂർ, മലപ്പുറം-673 647
ഫോൺ: 0483 - 2710717

Ref. H2-HAJ/2009 28-02-2009

## 2009 ഹജ്ജിന് അപേക്ഷിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

1. അപേക്ഷ ഫോറം പൂർണ്ണമായും വ്യക്തമായി, ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ പൂരിപ്പിക്കേണ്ടതാണ്. പൂർണ്ണമല്ലാത്ത അപേക്ഷ സ്വീകരിക്കുന്നതല്ല.

2. അപേക്ഷയിൽ ഏറ്റവും പുതിയ ഒരു പാസ്പോർട്ട്സൈസ് ഫോട്ടോ (3x3.5) പതിച്ച് അപേക്ഷകൻ ഒപ്പിടേണ്ടതാണ്.

3. ഹജ്ജ് 1430(H) 2009 മാർഗ്ഗ നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

4. അപേക്ഷയിൽ കാണിച്ചിരിക്കുന്ന കാര്യങ്ങൾ സത്യസന്ധമായിരിക്കുകയും ഒപ്പുകളും/വിരലടയാളങ്ങളും കൃത്യസ്ഥാനത്തായരിക്കുകയും വേണം. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കുന്നതായിരുക്കും.

5. അപേക്ഷ സംസ്ഥാനഹജ്ജ് കമ്മിറ്റി മുഖാന്തിരം മാത്രമേ സ്വീകരിക്കുകയുള്ളൂ.

6. ഹജ്ജിന്റെ പൂർണ്ണ ഉത്തരവാദിത്വം പാർലമെന്ററി ചട്ടപ്രകാരം കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കുള്ളതാണ്. ജിദ്ദയിലെത്തുന്ന ഇന്ത്യൻ ഹാജിമാരുടെ പ്രശ്നങ്ങൾ ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് പരിശോധിക്കുന്നതും മാർഗ്ഗനിർദ്ദേശം നൽകുന്നതുമാണ്. ഹാജിമാർക്ക് ലഭിക്കുന്ന സൗകര്യങ്ങളുടെ മേൽനോട്ടം കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർവ്വഹിക്കുന്നതാണ്.

7. താഴെ പറയുന്ന വ്യക്തികൾ ഹജ്ജ് 1430(H) 2009 -ന് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല.

   1. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ (2005 - 2008) ഹജ്ജ് ചെയ്തവർ
   2. ടി.ബി., എയിഡ്സ്, മറ്റു സാംക്രമിക രോഗങ്ങളുള്ളവർ അംഗവൈകല്യം, ബുദ്ധിമാന്ദ്യം തുടങ്ങിയ ശാരീരിക പ്രശ്നങ്ങളുള്ളവർ.
   3. 31-12-2009-ന് 2 വയസ്സ് തികഞ്ഞതും 16 വയസ്സ് തികയാത്തതുമായ കുട്ടികൾ
   4. മെഹറം ഇല്ലാത്ത സ്ത്രീകൾ.

8. <u>പണമടക്കൽ:</u>

   1. ഓരോ അപേക്ഷയോടൊപ്പവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ശാഖയിൽ **30683623887** എന്ന അക്കൗണ്ടിൽ ഒരാൾക്ക് 200രൂപ വീതം നിക്ഷേപിച്ചതിന്റെ പേ-ഇൻ-സ്ലിപ് ഉള്ളടക്കം ചെയ്തിരിക്കണം. ഈ തുക തിരിച്ചുനൽകുന്നതല്ല. <u>ഡിമാന്റ് ഡ്രാഫ്റ്റോ, പണമോ ഒരു കാരണവശാലും സ്വികരിക്കുന്നതല്ല.</u> ഒരു കവറിൽ ഒന്നിൽകൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുഴുവൻപേരുടെയും തുക ഒന്നിച്ചടക്കാവുന്നതാണ്.
   2. 1430(H) 2009 ഹജ്ജിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള <u>അവസാനതിയ്യതി 31-03-2009 വൈകുന്നേരം 5 മണി വരെയാണ്.</u> അപേക്ഷ സ്വികരിക്കുന്നതിനുള്ള അവസാനതിയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

9. യാത്രാ സമയത്ത് പൂർണ്ണ ഗർഭിണികളായ സ്ത്രീകൾ ഹജ്ജ് യാത്രാ ഒഴിവാക്കേണ്ടതാണ്.

   കുടുംബ ബന്ധമുള്ള പരമാവധി അഞ്ചുപേർക്ക് (5) ഒരു കവറിൽ അപേക്ഷിക്കാവുന്നതാണ്. കവറിലുൾപ്പെട്ട അപേക്ഷകരുടെ പണമിടപാടിന്റെ ചുമതല മുഖ്യ അപേക്ഷകനുള്ളതാണ്.

   **ഒരാൾ ഒന്നിലധികം അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല. അങ്ങനെസമർപ്പിച്ചതായി തെളിഞ്ഞാൽ അയാളുൾപ്പെടുന്ന മുഴുവൻ അപേക്ഷകളും നിരസിക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.**

10. അപേക്ഷയിൽ അപേക്ഷകരുടെ ഫോൺ നമ്പർ STDകോഡ് സഹിതം വ്യക്തമായി പൂരിപ്പിക്കേണ്ടതാണ്. അപേക്ഷയുടെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്.

11. ഹജ്ജ് കമ്മിറ്റിക്ക് ഏജൻസികളോ അനുബന്ധ സ്ഥാപനങ്ങളോ ഇല്ല. ആവശ്യത്തിലധികം തുക വ്യക്തികളേയോ ഏജൻസികളെയോ ഏല്പിച്ച് വഞ്ചിതരാകാതിരിക്കുക.

12. ഹജ്ജുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

13. 1430(H) 2009 ഹജ്ജിനുള്ള അപേക്ഷ കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ഓഫീസ്, ഹജ്ജ് ഹൗസ്, പി.ഒ. കാലിക്കറ്റ് എയർപോർട്ട്, കരിപ്പൂർ, മലപ്പുറം-673 647 എന്ന വിലാസത്തിൽ 31-03-2009-ന് 5 മണിക്കുമുമ്പായി ലഭിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം, 5 രൂപ സ്റ്റാമ്പൊട്ടിച്ച കവർ ലീഡറുടെ മേൽവിലാസമെഴുതിയ രണ്ടു കവറുകൾ, എല്ലാ അപേക്ഷകരുടെയും തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി എന്നിവ ഉണ്ടായിരിക്കണം.

14. ഹജ്ജ് കമ്മിറ്റിയുടെ സേവനം പൂർണ്ണമായും സൗജന്യമായതിനാൽ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റ് 1986-ന്റെ പരിധിയിൽ വരുന്നതല്ല.

15. 2009-ലെ ഹജ്ജിനായി തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ഹജ്ജ് കമ്മിറ്റി നിശ്ചയിക്കുന്ന തിയ്യതിക്കകം വിദേശ വിനിമയ സംഖ്യയുടെയും വിമാനക്കൂലിയുടെയും 30 ശതമാനം തുകയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ബാക്കി 70 ശതമാനം 2009 ആഗസ്റ്റ് 31-നകം അടയ്ക്കേണ്ടതാണ്. ഇന്റർനാഷണൽ പാസ്പോർട്ടിൽമാത്രമെ ഹജ്ജ് വിസ അടിക്കുകയുള്ളൂ എന്ന് സൗദി ഗവൺമെന്റ് അറിയിച്ചിരിക്കയാൽ ഹജ്ജിനായിതിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇന്റർനാഷണൽ പാസ്പോർട്ട് ഉണ്ടായിരിക്കണം.

(ഒപ്പ്)
ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാനഹജ്ജ് കമ്മിറ്റി